വ്യവസായ വാണിജ്യ വകുപ്പ്

വ്യവസായ വാണിജ്യ വകുപ്പ് മുഖേന ഉദ്ദേശം 350 വ്യവസായ യൂണിറ്റുകൾ പുതിയതായി ആരംഭിക്കാൻ കഴിഞ്ഞു.

പി. എം. ആർ. വൈ. ട്രെയിനിംഗ് നടത്തുന്നതിന് നടപടി

28 [1233] ശ്രീ. ടി. കെ. ദേവകുമാർ:

,, എം. വി. ജയരാജൻ :

,, കെ. രാധാകൃഷ്ണൻ :

,, പി. സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹികക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പ് കൈകാര്യം ചെയ്തിരുന്ന പി. എം. ആർ. വൈ. ട്രെയിനിംഗ് നടത്തുന്നതിന് മറ്റേതെങ്കിലും നോൺ ഗവൺമെന്റ് ഓർഗനൈസേഷനുകളെ പുതുതായി ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത്തരത്തിൽ ചുമതലപ്പെടുത്തിയ ഏജൻസികളുടെ പൂർണ്ണ വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏജൻസികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു †.

സംസ്ഥാനത്ത് വ്യവസായ വികസനത്തിനായി നിക്ഷേപിച്ച തുക

29 [1234] ശ്രീ. കെ. ബാബു :

,, എം. എ. ചന്ദ്രശേഖരൻ :

,, പി. ജെ. പൗലോസ് :

പ്രൊഫ. കെ. വി. തോമസ് :

ശ്രീ. വൃന്ദ കാരാട്ട് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 മേയ് മുതൽ ഇതുവരെ സംസ്ഥാനത്ത് വ്യവസായ വികസനത്തിനായി എത്ര തുക നിക്ഷേപിക്കപ്പെട്ടിട്ടുണ്ട് ;

(ബി) പ്രസ്തുത നിക്ഷേപങ്ങളിലൂടെ എത്ര പേർക്ക് തൊഴിൽ ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly